(സി) പമ്പാ നദിയിലെ ജലം ശുദ്ധീകരിച്ച് അണുവിമുക്തമാക്കിയതിനുശേഷം മാത്രമാണ് വിതരണത്തിന് നൽകുന്നത്. ആകയാൽ പദ്ധതി പ്രദേശങ്ങളിൽ വിതരണം ചെയ്യുന്ന ജലത്തിൽ കോളിഫോം ഉൾപ്പെടെയുള്ള ഉപദ്രവകാരികളായ അണുക്കൾ ഇല്ലാതെയാണ് നൽകുന്നത്.

ജലസേചന പദ്ധതികൾക്ക് യഥാസമയം അറ്റകുറ്റപ്പണികൾ നടത്താൻ നടപടി

26 (*353) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലസേചന പദ്ധതികൾക്ക് വേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ യഥാസമയം നടത്താറുണ്ടോ ;

(ബി) ഇല്ലെങ്കിൽ, കാരണം വ്യക്തമാക്കുമോ ;

(സി) ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തതുമൂലം അവയുടെ നിലനിൽപ്പിനും, ജലസേചനശേഷിക്കും ഭീഷണിയുണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ആയതിന് പരിഹാരമായി എന്ത് അടിയന്തിര നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ജലസേചന പദ്ധതികൾക്ക് വേണ്ടിവരുന്ന അറ്റകുറ്റപ്പണികൾ ബഡ്ജറ്റിൽ അനുവദിക്കപ്പെട്ട പണത്തിന്റെ പരിധിക്കുള്ളിൽ നിന്ന് യഥാസമയം നടത്തിവരുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അടിയന്തിരാവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് നടപടികൾ സ്വീകരിക്കാറുണ്ട്. സുരക്ഷ ആവശ്യമുള്ള അടിയന്തിര പണികൾ ഉടൻ തന്നെ ഏറ്റെടുത്ത് നടത്താറുണ്ട്.

കടലാക്രമണം തടയുന്നതിന് നടപടി

27 (*354) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളതീരത്ത് നിരന്തരമായി ഉണ്ടാകുന്ന കടലാക്രമണം തടയുന്നതിന് കേന്ദ്രസർക്കാരിൽനിന്നും ഇപ്പോൾ ധനസഹായം ലഭിക്കുന്നുണ്ടോ ;

(ബി) കേരള തീരത്തെ പലപ്രദേശങ്ങളിലും രൂക്ഷമായ കടലാക്രമണം നടക്കുന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുതടയുന്നതിന് ശാസ്ത്രീയമായ മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് ഏതെങ്കിലും പഠനത്തിലൂടെ നിർണ്ണയിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വർഷങ്ങൾക്കുമുമ്പ് കടലാക്രമണം തടയുന്നതിന് കടലിൽ പുലിമുട്ടിടുന്ന പഴയ സമ്പ്രദായം പുനരാരംഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പൂനയിലെ സെൻട്രൽ വാട്ടർ ആന്റ് പവ്വർ റിസർച്ച് സ്റ്റേഷൻ കേരള കടൽത്തീരത്തിന് രൂപകൽപ്പന ചെയ്ത കടൽഭിത്തി നിർമ്മാണം പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത കടൽത്തീരത്തു ചെയ്തതു പ്രയോജനപ്രദമാണെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രസ്തുത രൂപരേഖയാണ് പുതിയതായി നിർമ്മിക്കപ്പെടേണ്ടുന്ന കടൽഭിത്തിക്ക് ഉപയോഗിക്കുന്നത്.

(ഡി) പുലിമുട്ട് നിർമ്മാണം വർഷങ്ങൾക്കു മുമ്പ് കടൽക്ഷോഭം ചെറുക്കുന്നതിന് കേരളത്തിൽ നടപ്പിലാക്കിയ കടലാക്രമണനിരോധന ഉപാധിയാണ്. ഉദ്ദേശിച്ച ഫലം ലഭ്യമാകാതെ വളരെ ചുരുങ്ങിയ കാലംകൊണ്ടുതന്നെ പുലിമുട്ടുകൾ നശിക്കുകയുണ്ടായി. തീരപ്രദേശത്തെ മണ്ണൊലിപ്പിന് കാരണമാകുന്നു എന്ന കണ്ടെത്തലിനെ തുടർന്ന് പുലിമുട്ട് നിർമ്മാണം 1964-ൽ നിർത്തലാക്കി. സെൻട്രൽ വാട്ടർ ആന്റ് പവ്വർ റിസർച്ച് സ്റ്റേഷന്റെ പഠനങ്ങൾ അനുസരിച്ച് പുലിമുട്ടുകൾ അതു പ്രവർത്തിക്കുന്ന ഭാഗങ്ങളിൽ ഗുണകരമായി കടലാക്രമണം നിരോധിക്കുമെങ്കിലും അതിന്റെ ഇതരഭാഗങ്ങളിൽ (അകലെയുള്ള കടൽത്തീരത്തു) പ്രതികൂലമായി രൂക്ഷമായ കടലാക്രമണം അനുഭവപ്പെടാറുണ്ട്. അതുകൊണ്ട് ഈ സമ്പ്രദായം പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നില്ല.

ഭൂഗർഭജലനിലവാരത്തെക്കുറിച്ചുള്ള പഠനവും സംരക്ഷണവും

28 (*355) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂഗർഭജലത്തിന്റെ നിലവാരത്തെക്കുറിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ, പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) ഭൂഗർഭജലവിതാനം സംരക്ഷിക്കുന്നതിന് കുളങ്ങളും തടാകങ്ങളും സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വിശദമാക്കുമോ ;

(സി) പുതിയതായി കിണർകുഴിക്കുന്നതിന് നിയന്ത്രണമുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ഡി) കിണർ കുഴിക്കുന്നതിനു മുൻകൂട്ടിയുള്ള അനുമതി ആവശ്യമാണോ ; ആണെങ്കിൽ വിശദവിവരം നൽകുമോ ;

(ഇ) നഗര പ്രദേശങ്ങളിലെ ശുദ്ധജലക്ഷാമം കണക്കിലെടുത്തു കിണറുകൾ കുഴിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly